LIBRARY ARCHIVES Kerala Legislative Assembly

കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ അനുവദിച്ച ചികിത്സാ സഹായം

128 (1091) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രിയുടെ ചികിത്സാ സഹായനിധിയിൽ നിന്നും കൊല്ലം ജില്ലയിൽ എത്ര രൂപ ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത സഹായനിധിയിൽ നിന്നും കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഈ കാലയളവിൽ എത്ര രൂപ അനുവദിക്കുകയും വിതരണം നടത്തുകയും ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രിയുടെ ചികിത്സാ സഹായനിധിയിൽ നിന്നും പട്ടികജാതിക്കാർക്ക് 1,51,66,500 രൂപയും (ഒരു കോടി അൻപത്തി ഒന്ന് ലക്ഷത്തി അറുപത്തിയാറായിരത്തി അഞ്ഞൂറ് രൂപ) പട്ടികവർഗ്ഗക്കാർക്ക് 3,40,155 രൂപയും (മൂന്ന് ലക്ഷത്തി നാല്പതി നായിരത്തി നൂറ്റി അൻപത്തിയഞ്ച് രൂപ) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 2835 പേർക്ക് 1,44,77,500 രൂപയും (ഒരു കോടി നാല്പത്തിനാല് ലക്ഷത്തി എഴുപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 855 പേർക്ക് 3,40,155 രൂപയും (മൂന്ന് ലക്ഷത്തി നാല്പതിനായിരത്തി നൂറ്റി അൻപത്തിയഞ്ച് രൂപ) വിതരണം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സഹായനിധിയിൽ നിന്നും കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഈ കാലയളവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 10,92,500 രൂപ (പത്ത് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അഞ്ഞൂറ് രൂപ) അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തുക അനുവദിച്ചിട്ടില്ല.

ഒല്ലൂർ മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിച്ച ചികിത്സാ ധനസഹായം

129 (1092) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ എത്ര പേർക്ക് ചികിത്സാധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ഇതിന് ചെലവഴിച്ച തുകയും ലഭിച്ചവരുടെ പേരും വിലാസവും വ്യക്തമാക്കുമോ ?